കത്തിലെ നിബന്ധനകൾ അനുസരിച്ചാണെങ്കിൽ ഒരു കിലോ റബ്ബർ കയറ്റി അയയ്ക്കുമ്പോൾ 15 രൂപയോളം നഷ്ടം ഉണ്ടാകുമെന്നും സൂചിപ്പിച്ചിരുന്നു. ഈ പശ്ചാത്തലത്തിൽ പോലും കയറ്റുമതിക്കുള്ള ശ്രമങ്ങൾ ഗവൺമെന്റ് തുടരുകയാണുണ്ടായത്. ടോംടെക് കമ്പനി ഒരു കത്ത് എഴുതിയതല്ലാതെ നമ്മൾ ആവശ്യപ്പെട്ടിട്ടും വിശദാംശങ്ങൾ ചർച്ച ചെയ്യുവാൻ മുന്നോട്ട് വരുകയുണ്ടായില്ല. റബ്ബർ കയറ്റുമതി ചെയ്യുവാൻ ടോംടെക് കമ്പനിക്ക് യഥാർത്ഥത്തിൽ താല്പര്യമുണ്ടെങ്കിൽ ഗവൺമെന്റ് അതിനുള്ള ശ്രമങ്ങൾ തുടരും. ഈ കമ്പനിക്ക് താൽപര്യമില്ലെങ്കിൽ മറ്റു കമ്പനികളുമായി ബന്ധപ്പെടാനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. റബ്ബറിന്റെ ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ പൊതുമരാമത്ത് വകുപ്പുമന്ത്രിമാരുടേയും സെക്രട്ടറിമാരുടെയും ഒരു യോഗം വിളിച്ച് ചേർത്ത് റോഡ് റബ്ബറൈസ് ചെയ്യുന്നതിനുള്ള സാദ്ധ്യതകൾ ആരായുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഇതിൽ നിന്നും റബ്ബർ കയറ്റുമതിക്കുള്ള ഈ ഓഫർ ഗൗരവമായിതന്നെ ഗവൺമെന്റ് കൈകാര്യം ചെയ്തു എന്ന് മനസ്സിലാവുന്നതാണ്. ഈ വഴിക്കുള്ള ശ്രമങ്ങൾ തുടരുന്നതുമാണ്.

(7) കാർഷിക സർവകലാശാലയുടെകീഴിലുള്ള ഗവേഷണ കേന്ദ്രങ്ങളുടെ വികസനം

<u>ശ്രീ. കെ.പി. സതീശ് ചന്ദ്രൻ</u> : സർ, കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള പീലിക്കോട്, നീലേശ്വരം എന്നിവിടങ്ങളിലെ ഗവേഷണ കേന്ദ്രങ്ങളും നീലേശ്വരം കാർഷിക കോളേജിന് വേണ്ടത്ര പരിഗണന ലഭിക്കാത്തതുമൂലം മുരടിപ്പിനെ നേരിടുകയാണ്. ഈ സ്ഥാപനങ്ങൾക്കാവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ ഇതുവരെ സൃഷ്ടിച്ചിട്ടില്ല. തുടക്കത്തിലുണ്ടായിരുന്ന സൗകര്യങ്ങൾ പോലും ഇല്ലാതാകുന്ന അവസ്ഥയാണ്. നിലവിലുള്ള അദ്ധ്യാപകരെപോലും മറ്റുള്ള സ്ഥാപനങ്ങളിലേയ്ക്ക് സ്ഥലം മാറ്റുകയാണ്. തസ്തികകൾ പലതും ഒഴിഞ്ഞുകിടക്കുന്നു. നിരവധി അദ്ധ്യാപകർ ആവശ്യമുള്ള വകുപ്പുകളിൽ പോലും ഒരു അദ്ധ്യാപകൻ മാത്രമാണുള്ളത്. ചില വകുപ്പുകൾ പൂർണ്ണമായും ഒഴിഞ്ഞുകിടക്കുന്നു. ആറ് മാസത്തിനുള്ളിൽ പ്രഥമ അഗ്രിക്കൾച്ചറൽ ബി.എസ്സി. ബാച്ച് പുറത്തിറങ്ങാനിരിക്കെ അദ്ധ്യാപക ക്ഷാമം ഈ സ്ഥാപനത്തെ സ്തംഭനാവസ്ഥയിലേയ്ക്ക് നയിക്കുകയാണ്. യഥാസമയം പഠനം പൂർത്തിയാക്കാൻ കഴിയുമോ എന്ന ആശങ്കയിലാണ് വിദ്യാർത്ഥികൾ. കമ്പ്യൂട്ടർ സയൻസ്, മിറ്റിയറോളജി, മൈക്രോബയോളജി, അനിമൽ സയൻസ്, ഫിസിക്കൽ എഡ്യൂക്കേഷൻ തുടങ്ങിയ വകുപ്പുകൾ പൂർണ്ണമായും ഒഴിഞ്ഞ് കിടക്കുന്നു. അനദ്ധ്യാപക വിഭാഗത്തിൽ ലൈബ്രേറിയൻ, എ.വി. ഓപ്പറേറ്റർ, ആർട്ടിസ്റ്റ്, ഫോട്ടോഗ്രാഫർ, ടെക്നീഷ്യൻമാർ, മേട്രൻമാർ, രണ്ടു ലൈബ്രറി അസിസ്റ്റന്റ്, 10 ലാബ് അസിസ്റ്റന്റ്, 17 ലാബ് അറ്റൻഡർ തസ്തികയും ഒഴിഞ്ഞ് കിടക്കുന്നു. ഈ സ്ഥാപനത്തിൽ ജോലി ചെയ്യാമെന്ന കരാറിൽ നിയമനം ലഭിച്ചവരെപ്പോലും കാലാവധിക്ക് മുമ്പ് മറ്റ് സ്ഥാപനങ്ങളിലേയ്ക്ക് സ്ഥലം മാറ്റുകയാണ്. കാർഷിക കോളേജുൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ ശോച്യാവസ്ഥയ്ക്കെതിരെ അദ്ധ്യാപകരും, അദ്ധ്യാപകേതര ജീവനക്കാരും, നാട്ടുകാരും, വിദ്യാർത്ഥികളും, തൊഴിലാളികളും ചേർന്ന് സംയുക്ത സമര സമിതിയുടെ ആഭിമുഖ്യത്തിൽ ഇന്ന് കാർഷിക കോളേജിന്റെ മുമ്പിൽ ധർണ്ണ നടത്തുകയാണ്. ഈ പ്രശ്നം അനുഭാവപൂർവ്വമായി പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ഈ പ്രശ്നങ്ങളൊക്കെ അനുഭാവപൂർവ്വം ഗവൺമെന്റ് പരിഗണിച്ചുവരികയാണ്. സ്വാഭാവികമായിട്ടും പരിഹരിക്കാൻ ശ്രമിക്കുന്നതിന്റെ ഭാഗമായി കാർഷിക സർവ്വകലാശാലയുടെ പടന്നക്കാട് കേന്ദ്രത്തിന്റെ വികസനത്തിന് നിരവധി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. അക്കാഡമിയുടെയും, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെയും ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഓരോ ഹോസ്റ്റലിന്റെയും പണി പൂർത്തിയായിട്ടുണ്ട്. 1998 ആഗസ്റ്റിൽതന്നെ പടന്നക്കാട് ക്യാമ്പസിലേയ്ക്ക് കോളേജ് മാറ്റിയിട്ടുണ്ട്. കോളേജിലെ വിവിധ ക്ലാസ്സുകളിലേയ്ക്ക് ആവശ്യമുള്ള ഫർണിച്ചറുകളും മറ്റും വാങ്ങിക്കഴിഞ്ഞു. പണി പൂർത്തിയാക്കിയ ആഡിറ്റോറിയത്തിലെ മറ്റ് സജ്ജീകരണങ്ങൾ പൂർത്തിയാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. കോളേജിലെ 500 കെ.വി. സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്തുകഴിഞ്ഞു. ഫുട്ബോൾ, വോളിബോൾ, ബാസ്ക്കറ്റ്ബോൾ തുടങ്ങി സ്പോർട്സുകൾക്ക് ആവശ്യമായ കോർട്ടുകൾ പൂർത്തീകരിച്ചു. കമ്പ്യൂട്ടർ സെന്റർ സ്ഥാപിച്ചു. കാർട്ടേഴ്സിന്റെയും ഫ്ളാറ്റുകളുടെയും പണി പൂർണ്ണമായ തോതിൽ പുരോഗമിച്ചു വരുന്നു. ടീച്ചിംഗ് സ്റ്റാഫിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് പുനർക്രമീകരണം നടത്തുന്നതും നോൺ-ടീച്ചിംഗ് സ്റ്റാഫിന്റെ ഒഴിവുകൾ നികത്തുന്നതിനും നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പീലിക്കോട്, നീലേശ്വരം കേന്ദ്രങ്ങളിലെ ജലസേചന പദ്ധതികൾ വികസിപ്പിക്കുകയും മാതൃകാപരമായി തെങ്ങ് മുഖ്യവിളയായിട്ടുള്ള ഒരു സംയോജിത കൃഷിരീതി കർഷകർക്ക് കണ്ടു മനസ്സിലാക്കുന്നതിനുള്ള ഒരു പദ്ധതി തുടങ്ങുകയും ചെയ്തിട്ടുണ്ട്. സങ്കരയിനം തെങ്ങിൻതൈകൾ വിപുലമായ തോതിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. നെല്ലിനങ്ങളും പച്ചക്കറിയിനങ്ങളും വികസിപ്പിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു. ഒട്ടുമാവിൻ തൈകൾ, പച്ചക്കറി വിത്തുകൾ എന്നിവ ഉല്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. മൃഗസംരക്ഷണരംഗത്തും നിരവധി പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. സുപ്രസിദ്ധകവി തിരുമുമ്പിന്റെ സ്മരണയ്ക്കായി ഗവേഷണ കേന്ദ്ര പരിധിയിൽവരുന്ന അദ്ദേഹത്തിന്റെ ഭവനം പുനരുദ്ധരിച്ച് ഒരു സാംസ്കാരിക കേന്ദ്രം ആരംഭിക്കുവാൻ തീരുമാനിക്കുകയും അതിനുള്ള പ്രാരംഭനടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കഴിയുന്നതുംവേഗം ഇവിടെ പരാമർശിച്ച എല്ലാ കാര്യങ്ങളും പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ദ്രുതഗതിയിൽ നടത്തുന്നതാണ്.

(8) പൈനാപ്പിൾ കർഷകർ നേരിടുന്ന പ്രതിസന്ധി

ശ്രീ. വി.ജെ. പൗലോസ് : സർ, കേരളത്തിലെ പൈനാപ്പിൾ കൃഷിക്കാർ പൊതുവെയും എറണാകുളം ജില്ലയിലെ കൃഷിക്കാർ പ്രത്യേകിച്ചും അഭിമുഖീകരിക്കുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. അരി മുതൽ ഇല വരെയുള്ള സാധനങ്ങൾ അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവന്ന് നമ്മുടെ ആവശ്യങ്ങൾ നിർവ്വഹിക്കുന്ന ഒരു കാലഘട്ടമാണ് ഇപ്പോഴുള്ളത്. അതിൽനിന്നും വ്യത്യസ്തമായി നമുക്കെല്ലാപേർക്കും അഭിമാനിക്കാൻ കഴിയത്തക്കവിധത്തിൽ കേരളത്തിലെ കാർഷികമേഖലയിൽ ഒരു റവല്യൂഷൻ എന്നു പറയത്തക്കരീതിയിൽ പൈനാപ്പിൾ കൃഷി വ്യാപകമായി വർദ്ധിച്ചിരിക്കുകയാണ്. ആദ്യം മൂവാറ്റുപുഴയിലും എറണാകുളം ജില്ലയിലെ കിഴക്കൻ പ്രദേശങ്ങളിലും ആരംഭിച്ച ഈ കൃഷി ക്രമേണ മറ്റ് ജില്ലകളിലേയ്ക്കും വ്യാപിച്ചു. കേരളത്തിലെ മലയാളികളായി

LIBRARY ARCHIVES Kerala Legislative Assembly